Rao Sahib I. N. Menon *(Director of Public Instruction).*— If I remember right, I think the request for aid came to me less than a year ago.

Mr. V. K. Krishnankutty *(Anthikad).*—My question is how long the Library has been running there?

Rao Sahib I. N. Menon *(Director of Public Instruction).*— I can only say that when the question of recognition comes. For how long they are in existence, I am unable to say.

Mr. V. K. Krishnankutty *(Anthikad).*—Is there anything stated in the application for grant?

Rao Sahib I. N. Menon *(Director of Public Instruction).*— There it has been stated that they have been running it for a long time.

Mr. V. K. Krishnankutty *(Anthikkad).*—May I know whether the Government have any objection in giving a grant to one Library at least?

Rao Sahib I. N. Menon *(Director of Public Instruction).*— In such a case, the question is as to which should be aided. It is only a very short time since they have applied for recognition. The progress of working of both the Libraries are being watched. I assure the House that the better and more deserving of them will be aided.

മിസ്റ്റർ ടി. സി. ഇയ്യുക്കുട്ടി *(Pazhanji).*— സാധാരണയായി ഒരു ലൈബ്രറിക്കു ഇത്ര കൊല്ലം നടത്തിയാൽ മാത്രമേ ഗ്രാൻറു കൊടുക്കുകയുള്ളൂ എന്നുണ്ടോ?

റാവുസാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction).*— ഇത്ര കൊല്ലം നടത്തണമെന്നില്ല, എങ്കിലും ഏതാണ്ടു അതിന്റെ പ്രായപൂർത്തി വരുന്നതുവരെ പരീക്ഷിക്കേണ്ടതുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— ഇതിൽ പറയുന്ന രണ്ടു വായനശാലകളിലും എല്ലാപേക്കും പ്രവേശനമുണ്ടോ?

റാവുസാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction).*— എല്ലാപേക്കും പ്രവേശനമുണ്ട്.

Arayas—Enlistment as members of the Pallippuram Co-operative Society.

൫൫. മിസ്റ്റർ വി. കെ. കുട്ടി *(Muslims).*— താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവൺമെൻറു സദയം മറുപടി പറയുമോ:

LIBRARY ARCHIVES Kerala Legislative Assembly

(ഛ) പള്ളിപ്പുറം പൊഴിൽ വാല പരസ്പരസഹായസംഘത്തിനു കൊടുത്തപ്പോൾ അരയന്മാരെക്രൂടി ടി സംഘത്തിൽ ചേർക്കണമെന്നുള്ള കമ്മീറ്റിലെ വ്യവസ്ഥയനുസരിച്ച് സംഘക്കാർ പ്രവൃത്തിച്ചിട്ടുണ്ടോ;

(ഛ) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്;

(ന) കമ്മീറ്റിലെ നിശ്ചയമനുസരിച്ചു പ്രവൃത്തിക്കാത്തപക്ഷം ഗവർമ്മെൻറു നടത്തുന്ന നടപടിയെന്താണ്?

മിസ്റ്റർ കെ. അച്യുതമേനോൻ (*Diwan Peishkar*).— (ഛ) ഇല്ല.
(ഛ) രണ്ടു കാരണങ്ങളാണു പറയുന്നതു്.

ഛ. അരയന്മാരെ വാലപരസ്പരസഹായസംഘത്തിൽ മെമ്പർമാരായി ചേർക്കണമെങ്കിൽ സംഘനിശ്ചയമനുസരിച്ചു ഭൂരിപക്ഷാഭിപ്രായത്തോടുകൂടിയേ നിവൃത്തിയുള്ളൂ എന്നും, അത് ഇതേവരെ കിട്ടിയിട്ടില്ലെന്നു്.

ഛ. അരയന്മാരെ സംഘത്തിൽ ചേർക്കാമെന്നു കമ്മീറ്റിൽ സമ്മതിച്ചതു സംഘത്തിനു ബാധകമല്ലെന്നു്.

(ന) കമ്മീറ്റിലെ നിശ്ചയമനുസരിച്ചു പ്രവൃത്തിക്കാത്തതിനു് കമ്മീറ്റി റദ്ദാക്കി പൊഴിൽ തിരിയെ സർക്കാരിൽനിന്നും എടുത്തു ലേലം ചെയ്യാതിരിപ്പാൻ വല്ല കാരണവുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണമെന്നു സംഘത്തിനു നോട്ടീസ്സു് കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— രണ്ടുകൂട്ടരേയും യോജിപ്പിച്ചു കമ്മീറ്റവസ്തുവാണു കൊടുക്കേണ്ടതെന്നു കോവാപ്പറേറീവു് രജിസ്ട്രാർ ശുപാർശ ചെയ്തിട്ടുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ (*Diwan Peishkar*).— ഇല്ല. രണ്ടുകൂട്ടരേയും യോജിപ്പിക്കാൻ സാധിക്കുമെന്നാണു തോന്നുന്നതു്, അടുത്തുതന്നെ അതിനെപ്പറ്റി എഴുതിയയക്കാമെന്നാണു് രജിസ്ട്രാർ എഴുതീട്ടുള്ളതു്.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— ഈ പൊഴിലിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുള്ളതു് ആരാണു്?

മിസ്റ്റർ കെ. അച്യുതമേനോൻ (*Diwan Peishkar*).— മുമ്പിലത്തെ കമ്മീറ്റിക്കാരനായ അപ്പി എന്ന ഒരു അരയനാണു്.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— ബാവ എന്നാ ഒരാൾ ആയിരുന്നില്ലേ?

മിസ്റ്റർ കെ. അച്യുതമേനോൻ (*Diwan Peishkar*).— അതു് അതിനുമുമ്പിലത്തെ കൊല്ലത്തിലാണു്.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— അതു് എത്ര കൊല്ലം മുമ്പായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അച്യുതമേനോൻ (*Diwan Peishkar*).—നോട്ടീസു വേണം.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— അദ്ദേഹത്തിന്റെ കാലത്താണ് അവിടെ മീൻപിടിക്കുന്നതിനുള്ള സൌകര്യങ്ങൾ ഉണ്ടാക്കീട്ടുള്ളതെന്നു ഗവൺമെൻറിനു മനസ്സിലായിട്ടുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ (*Diwan Peishkar*).— അങ്ങിനെയാണെന്നാണു മനസ്സിലാക്കീട്ടുള്ളതു്?

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— ഈ പൊഴിലിന്റെ ചുറ്റുപാടും താമസിക്കുന്നവർ അരയന്മാരാണോ?

മിസ്റ്റർ കെ. അച്യുതമേനോൻ (*Diwan Peishkar*).— അരയന്മാരും താമസിക്കുന്നുണ്ടു്.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— ഇതിന്റെ പ്രവൃത്തികൾ ശരിയായി നടത്തുവാൻവേണ്ടി അവരെ യോജിപ്പിച്ചുകൊണ്ടുപോകുവാൻ ഗവൺമെൻറു ശ്രമിക്കുമോ?

മിസ്റ്റർ കെ. അച്യുതമേനോൻ (*Diwan Peishkar*).— ശ്രമിക്കുന്നുണ്ടു്.

മിസ്റ്റർ എം. ഏ. ശങ്കുണ്ണി (*Nominated*).— സംഘത്തിനു ഈ പൊഴിൽ എങ്ങിനെ കിട്ടി?

മിസ്റ്റർ കെ. അച്യുതമേനോൻ (*Diwan Peishkar*).— ഗവൺമെൻറിൽനിന്നും കൊടുത്തതാണു്.

മിസ്റ്റർ എം. ഏ. ശങ്കുണ്ണി (*Nominated*).— ലേലത്തിൽ വിട്ടു കൊടുത്തതാണോ?

മിസ്റ്റർ കെ. അച്യുതമേനോൻ (*Diwan Peishkar*).— അല്ല, ഗവൺമെൻറിൽനിന്നും സംഘത്തിനു് ഒരു സഹായമായി കൊടുത്തിട്ടുള്ളതാണു്.

മിസ്റ്റർ എം. ഏ. ശങ്കുണ്ണി (*Nominated*).— സംഘത്തിനു് അതുകൊണ്ടു് എന്തു സഹായമാണു ലഭിക്കുന്നതു്?

മിസ്റ്റർ കെ. അച്യുതമേനോൻ (*Diwan Peishkar*).— പലേ സഹായങ്ങളും കിട്ടുന്നുണ്ടു്.

മിസ്റ്റർ എം. ഏ. ശങ്കുണ്ണി (*Nominated*).— കഴിഞ്ഞ വർഷം ലേലക്കാരൻ ആരായിരുന്നു?

മിസ്റ്റർ കെ. അച്യുതമേനോൻ (*Diwan Peishkar*).— അപ്പി എന്നു് ഒരാളായിരുന്നു.

മിസ്റ്റർ എം. ഏ. ശങ്കുണ്ണി (*Nominated*).— ലേല സംഖ്യ എത്ര രൂപായായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അച്യുതമേനോൻ (*Diwan Peishkar*).— വ്യ,൦൦൦ രൂപാ.

മിസ്റ്റർ എം. എ. ശങ്കുണ്ണി (*Nominated*).— അത് എത്ര കൊല്ലത്തേക്കാണ്?

മിസ്റ്റർ കെ. അച്യുതമേനോൻ (*Diwan Peishkar*).— മൂന്നു കൊല്ലത്തേക്ക്.

മിസ്റ്റർ എം. എ. ശങ്കുണ്ണി (*Nominated*).— ഒരു കൊല്ലത്തിൽ എത്ര രൂപായാണ്?

മിസ്റ്റർ കെ. അച്യുതമേനോൻ (*Diwan Peishkar*).— ൧,൦൦൦ രൂപാ.

മിസ്റ്റർ എം. എ. ശങ്കുണ്ണി (*Nominated*).— ഇപ്പോഴോ?

മിസ്റ്റർ കെ. അച്യുതമേനോൻ (*Diwan Peishkar*).— ഇപ്പോഴും ൧൦൦൦ തന്നെ. ഈ കൊല്ലത്തിൽ ഇതിലും കൂടുതൽ സംഖ്യക്ക് ൧൭ടുക്കുവാൻ ആളുണ്ട്, നിങ്ങൾ വിട്ടുതരികയാണെങ്കിൽ.

മിസ്റ്റർ എം. എ. ശങ്കുണ്ണി (*Nominated*).— ഇപ്പോൾ ലേലസംഖ്യ കുറഞ്ഞുവരുന്നുവോ, കൂടിവരുന്നുവോ?

മിസ്റ്റർ കെ. അച്യുതമേനോൻ (*Diwan Peishkar*).—കൂടിക്കൂടിയാണ് വരുന്നത്?

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— ഒരു കാംപ്രൈസുകൂടാതെ ലേലംവിളിക്കുവാൻ ആളുണ്ടാകുമെന്നു വിശ്വാസം ഗവൺമെൻറിനുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ (*Diwan Peishkar*).— ആളുണ്ടാകും.

Eroor and Irimpanam Punchas—Havocs from annual floods.

56. Mr. A. Narayana Menon (*Vyttila*).—Will the Government be pleased to state whether they have received complaints from the land-holders of properties in Eroor and Irimpanam Punchas of havocs from annual floods;

(b) if so, when;

(c) has any remedial measure been taken as yet;

(d) if so, what ;

(e) what is the area of these punchas ?

Mr. K. Achyuta Menon (*Diwan Peishkar*).—(a) Yes.
(b) In 1108.

LIBRARY ARCHIVES Kerala Legislative Assembly